# മുല്ലപ്പെരിയാർ : പ്രകൃതി വിഭവങ്ങളുടെ മേലുള്ള ജനങ്ങളുടെ അവകാശത്തിന്റെ പ്രശ്നം

അഡ്വ. ജോർജ്ജ്കുട്ടി കടപ്ലാക്കൽ, സണ്ണി പൈകട




വരയും വരിയും : റഫീഖ് അഹമ്മദ്

**മുല്ലപ്പെരിയാർ** പ്രശ്നം ഇപ്പോൾ മുന്നോട്ട് കൊണ്ടുവന്നിരിക്കുന്നത് ഒരു മേഖലയിലെ ജനങ്ങളുടെ സുരക്ഷിതത്വ പ്രശ്നമാണെങ്കിലും അതിനിടയിൽ കാണാതെ പോകുന്ന മറ്റൊരു അടിസ്ഥാന പ്രശ്നമുണ്ട്. അത് ജലം പോലുള്ള പ്രകൃതി വിഭവങ്ങളുടെമേൽ ആർക്കാണ് അവകാശം എന്ന രാഷ്ട്രീയ പ്രശ്നമാണ്. ഒരു പ്രദേശത്തെ ജനങ്ങളുടെ അറിവോ സമ്മതമോ ഇല്ലാതെ ആ പ്രദേശത്തെ ഒരു അടിസ്ഥാന പ്രകൃതി വിഭവം കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ മറ്റൊരു സർക്കാരിനോ കമ്പനികൾക്കോ സ്ഥിരമായോ പാട്ടത്തിനോ നൽകുന്ന ഒരു ഏർപ്പാടാണ് ഇവിടെ നടന്നുവരുന്നത്. എന്നാൽ അത്തരമൊരു ഇടപാടുമൂലം ഒന്നുകിൽ പ്ലാച്ചിമടയിൽ സംഭവിച്ചതുപോലെ മലിനീകരണവും വിഭവനഷ്ടവും നേരിടേണ്ടി വരുന്നതും പെരിയാർ താഴ്വരയിൽ സംഭവിക്കുന്നതുപോലെ ദുരന്തഭീഷണികൾക്ക് ഇരയാകുന്നതും പ്രാദേശിക ജനസമൂഹങ്ങളാണ്. വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അവസാനവാക്ക് ആരുടേതാകണമെന്ന രാഷ്ട്രീയ പ്രശ്നം ഇത്തരം വിവാദങ്ങൾ ഉയർന്നുവരുമ്പോൾ സാധാരണയായി ചർച്ച ചെയ്യപ്പെടാറില്ല. ജനങ്ങളുടെ അടുത്തുള്ളതും ഉണർന്ന ജനകീയ ഇച്ഛകൊണ്ട് നിയന്ത്രിക്കാവുന്നതുമായ ഭരണകൂടങ്ങൾ എന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രകൃതി വിഭവങ്ങളുമായി ബന്ധപ്പെട്ട കൊടുക്കൽ - വാങ്ങലുകളിൽ പരമാധികാരം നൽകേണ്ടതുണ്ടെന്ന അടിസ്ഥാന രാഷ്ട്രീയമാണ് ഇവിടെ അന്തർഭവിച്ചിരിക്കുന്നത്. വിഭവങ്ങൾ പങ്കുവെയ്ക്കുന്നതു സംബന്ധിച്ചോ കൊടുക്കൽ വാങ്ങലുകൾ നടത്തുന്നത് സംബന്ധിച്ചോ തർക്കങ്ങൾ ഉണ്ടാകുമ്പോൾ അവ പരിഹരിക്കാൻ ഇന്ന് ഫലപ്രദമായ സംവിധാനങ്ങൾ ഇല്ലായെന്ന് കാവേരി നദീജല പ്രശ്നത്തിലും മുല്ലപ്പെരിയാർ പ്രശ്നത്തിലുമെല്ലാം വ്യക്തമായിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ പ്രാദേശിക സർക്കാരുകളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത്തരം കാര്യങ്ങളിൽ ജനതാൽപ്പര്യം മുൻനിറുത്തി തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം നൽകുന്ന നിയമഭേദഗതികളേക്കുറിച്ചുകൂടി ആലോചിക്കേണ്ടതുണ്ട്.

### എന്താണ് പരിഹാരമാർഗ്ഗം?

മുല്ലപ്പെരിയാർ പ്രശ്നത്തിന് താൽക്കാലിക പരിഹാരമായി ഡാമിലെ ജലനിരപ്പ് നൂറടിയിലേക്ക് താഴ്ത്തുകയാണ് അടിയന്തിരമായി ചെയ്യേണ്ടത്. അതല്ലെങ്കിൽ രണ്ട് സർക്കാരുകളും ഒരു ഒത്തുതീർപ്പിൽ എത്താതെ ചർച്ചകളും വിവാദങ്ങളുമായി മുന്നോട്ട് പോകുമ്പോൾ ഭയപ്പെടുന്ന ദുരന്തം

സംഭവിച്ചാൽ! മാത്രവുമല്ല, പുതിയ ഡാം നിർമ്മിക്കുകയെന്ന കേരളത്തിന്റെ ന്യായമായ ആവശ്യം തമിഴ്നാട് സമ്മതിച്ചാൽ പോലും പുതിയ ഡാം നിർമ്മാണം ഒരു മാസം കൊണ്ടോ ഒരു വർഷംകൊണ്ടോ പൂർത്തിയാക്കാവുന്ന ഒന്നല്ലല്ലോ. അതുകൊണ്ടുതന്നെ ഈ പ്രശ്നത്തിന് ഒരു താൽക്കാലിക പരിഹാരം ഉണ്ടായേ തീരൂ.

രണ്ട് സംസ്ഥാനങ്ങളുടേയും താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള സ്ഥിരമായ പരിഹാരം ഒരു പുതിയ ഡാം നിർമ്മിക്കുവാനുള്ള പുതിയ കരാർ മാത്രമാണ്. പുതിയ കരാർ ഇപ്പോഴുള്ളതിൽ കൂടുതൽ ഉയരത്തിൽ പുതിയ ഡാം നിർമ്മിക്കാൻ വ്യവസ്ഥ ചെയ്യുന്നതാവരുത്. പുതിയ ഡാമിന്റെ ഉയരം കൂട്ടിയാൽ അത് കനത്ത പ്രകൃതി നാശത്തിന് - വന സമ്പത്തിന്റെയും വന്യമൃഗസമ്പത്തിന്റെയും നാശത്തിന് - ഇടയാക്കുന്നവിധം കൂടുതൽ വനമേഖലയെ വെള്ളത്തിനടിയിലാക്കും. തമിഴ്നാടിന് ഇപ്പോഴുള്ളതിലും കൂടുതൽ സംഭരണശേഷിയുള്ള ഡാം നിർമ്മിക്കണമെന്നുണ്ടെങ്കിൽ കേരളാതിർത്തിക്കുള്ളിൽ ഒരു ചെറിയ ഡാം നിർമ്മിച്ച് ജലം തമിഴ്നാട്ടിലേക്കെത്തിച്ച് അവിടെ അനുയോജ്യമായ സ്ഥലത്ത് വലിയ ഡാം നിർമ്മിക്കട്ടെ. ഈ പരിഹാരത്തിലേക്ക് തമിഴ്നാടിനെ എത്തിക്കാൻ കേരള സർക്കാർ ഇപ്പോൾ അനുവർത്തിക്കുന്ന സമീപനം കൊണ്ടാകില്ല. തമിഴ്നാട്ടിലെ രാഷ്ട്രീയകക്ഷികൾ വെള്ളം എന്ന "സെൻസേഷണൽ" വിഷയം മുൻനിറുത്തി തമിഴ് ദേശീയ വികാരം ഉയർത്തുന്നതിനെ ചെറുക്കാൻ യുക്തിസഹമായ ചില കാര്യങ്ങൾ വിശ്വാസ്യതയുള്ള നേതാക്കളും പ്രസ്ഥാനങ്ങളും വഴി തമിഴ്ജനതയുടെ മുന്നിൽ വെയ്ക്കേണ്ടതുണ്ട്. അതിൽ പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങൾ ഉയർത്തിപ്പിടിക്കണം.

1. കേരളത്തിൽനിന്നും വെള്ളം ലഭിക്കുകയെന്നത് തമിഴ്നാടിന്റെ ആവശ്യമാണ്. മുല്ലപ്പെരിയാർ ഡാം സുരക്ഷിതമായി നിലനിന്നാലേ തമിഴ്നാടിന് ജലം ലഭ്യമാകൂ. തമിഴ്നാടിന് ജലം നൽകില്ലായെന്ന് കേരള ജനതയോ കേരള സർക്കാരോ ഇതുവരെ നിലപാട് എടുത്തിട്ടില്ല. തുച്ഛമായ പ്രതിഫലത്തിന് (അതുപോലും നൽകുന്നില്ല എന്നും കേൾക്കുന്നു) നാളിതുവരെ ജലം നൽകിയ അയൽ സംസ്ഥാനത്തെ ലക്ഷക്കണക്കിന് ജനങ്ങളുടെ നിലനിൽപ്പിന് ഭീഷണി ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ അത് ഗൗരവത്തിൽ എടുക്കുകയെന്നത് തമിഴ് ജനതയുടെ ധാർമ്മിക ബാദ്ധ്യതയാണ്. ഈ ബാധ്യത ഏറ്റെടുക്കാൻ സന്നദ്ധമാകുന്നിടത്താണ് തമിഴ്നാടിന് കൂടുതൽ അനുകൂലമായ വ്യവസ്ഥകൾ കേരള സമൂഹത്തെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ കഴിയുക. അതുകൊണ്ടുതന്നെ സുരക്ഷിതമായ ഡാം എന്നത് കേരളത്തിന്റെ മാത്രമല്ല തമിഴ്നാടിന്റെ കൂടി ആവശ്യമാണ്.

2. ഒരു ദുരന്തമുണ്ടായാൽ ജീവനും സ്വത്തും നഷ്ടപ്പെടുന്നത് പെരിയാർ താഴ്വരയിലെ മലയാളികൾക്ക് മാത്രമല്ല, മറിച്ച് ആ മേഖലയിൽ കഴിയുന്ന ആയിരക്കണക്കിന് തമിഴ്നാട്ടുകാർക്കുകൂടിയാണ്. ഇത് തമിഴ് ജനതയെ ബോദ്ധ്യപ്പെടുത്തേണ്ട വൈകാരിക വിഷയമാണ്.

3. വോട്ടുബാങ്ക് രാഷ്ട്രീയം കളിക്കുന്ന രാഷ്ട്രീയ കക്ഷികൾ ഉയർത്തുന്ന വാദഗതികളുടെ പിന്നാലെ പോയി തമിഴ് വികാരം ഉണർത്തി പിടിവാശി പ്രകടിപ്പിച്ച് ഈ പ്രശ്നത്തിന് രമ്യമായ പരിഹാരം ഉണ്ടാകുന്നതിൽ നിന്ന് തമിഴ്നാട് വ്യതിചലിച്ചാൽ നാളെയൊരു ദുരന്തമുണ്ടായാൽ മുഴുവൻ മലയാളികളുടെയും എന്നുമാത്രമല്ല, രാജ്യത്തെ ജനങ്ങളുടെ എല്ലാം മുൻപിൽ തമിഴ് ജനത കുറ്റവാളികളായി ചിത്രീകരിക്കപ്പെടും. അത്തരമൊരു വൈകാരിക പശ്ചാത്തലത്തിൽ കേരളത്തിൽ നിന്ന് ഒരിറ്റ് ജലം പോലും തമിഴ്നാടിന് ലഭിക്കാത്ത ഒരു രാഷ്ട്രീയ സാഹചര്യം ഉണ്ടാകും. ഇത് തമിഴ്നാടിന്റെ ദീർഘകാല താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ്.

മേൽസൂചിപ്പിച്ച മൂന്ന് കാര്യങ്ങളിലും വിശ്വാസ്യതയുള്ള ദേശീയ നേതാക്കന്മാർ വഴിയോ പ്രസ്ഥാനങ്ങൾ വഴിയോ സാഹിത്യ-സാംസ്കാരിക രംഗത്തുള്ളവർ വഴിയോ തമിഴ്നാട്ടിൽ ചർച്ചക്ക് വിധേയമാക്കണം. കേരളത്തോട് അനുഭാവം പ്രകടിപ്പിക്കുന്ന ഒരു വിഭാഗത്തെ തമിഴ്നാട്ടിൽ സംഘടിപ്പിച്ചെടുക്കുന്നതിനുള്ള ഇത്തരം ഒരു നീക്കം മുല്ലപ്പെരിയാർ പ്രശ്ന പരിഹാരത്തിനുള്ള മർമ്മയായി പരിഗണിക്കപ്പെടണം. രണ്ട് ജനവിഭാഗങ്ങൾക്കിടയിൽ വിദ്വേഷം വളർത്തുന്ന നീക്കങ്ങൾകൊണ്ട് ചില സ്ഥാപിത താൽപ്പര്യക്കാർക്ക് പ്രയോജനം ലഭിക്കുമെങ്കിലും രണ്ട് ജനതയ്ക്കും ദീർഘകാല അടിസ്ഥാനത്തിൽ അത് നഷ്ടങ്ങൾ വരുത്തിവെയ്ക്കും.

*(ജനാധികാര രാഷ്ട്രീയ സമിതി പ്രസിദ്ധീകരിച്ച ലഘുലേഖയിൽനിന്ന്)*
*ജനാധികാര കേന്ദ്രം, 20.1, പനമ്പിള്ളി നഗർ, കൊച്ചി-36 9446234997*

*മുല്ലപ്പെരിയാർ സമരസമിതിയുമായി ബന്ധപ്പെടാൻ :*
*ഫാ. ജോയ് നിരപ്പേൽ 9446982930, കെ.എം. സുലൈമാൻ 9447937381*

## മേധാപട്ക്കർ കേരളത്തിൽ

നവംബർ 18 - പ്ലാച്ചിമട, കോഴിക്കോട്
നവംബർ 19 രാവിലെ 9ന് - ജലം, വനം, ഭൂമി എൻ.എ.പി.എം. ശില്പശാല, സൽസബീൽ ഗ്രീൻ സ്കൂൾ, കിരാലൂർ, തൃശൂർ
വൈകീട്ട് 6ന് രാഷ്ട്രീയ സമ്മേളനം - കൊടുങ്ങല്ലൂർ

TRAINING PROGRAMS FOR
IELTS TOEFL
SPOKEN ENGLISH
COMPUTER COURSES
C, C++, VB
Java, .Net
Oracle 9i, C#
SENSORIUM
4th FLOOR, CITY CENTRE, TRICHUR.
0487-2320478, 3093095

books | magazines | periodicals
BYWORD BOOKS
marva plaza, machingal lane, m.g. road, thrissur
Tel.: 0487 3256689, Mob : 9847764577